08/2022

## ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം

വിഷയം: അലയമൺ ഗ്രാമ പഞ്ചായത്തിൽ അലയമൺ വില്ലേജിൽ റീസർവ്വേ നമ്പർ 63/19, 66/9, എന്നിവയിൽ ഉൾപ്പെട്ട 8951 ച.മീ വിസ്തൃതിയുള്ള സ്ഥലത്ത് 2068.96 ച.മീ വിസ്തൃതിയിൽ നിലവിലുള്ള കെട്ടിടങ്ങളുടെ കൂടെ 1636.26 ച.മീ വിസ്തൃതിയിൽ കൂട്ടിച്ചേർത്ത് നിർമ്മിച്ച എഡ്യൂക്കേഷണൽ കെട്ടിടവും കോൺവെൻറ്റും ക്രമവൽക്കരിക്കുന്നതിനു (ആകെ വിസ്തൃതി 3705.22 ച.മീ) ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ശ്രീമതി.മേരികുട്ടി ഇമ്മാനുവൽ, സിസ്റ്റർ സുപ്പീരിയർ, ഹോളി ഫാമിലി പബ്ലിക്സ്കൂൾ & ജൂനിയർ കോളേജ്, സമർപ്പിച്ച 11/10/2022 ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKLM/514/2022/C** **തീയതി 02-11-2022**

---

അലയമൺ ഗ്രാമ പഞ്ചായത്തിൽ അലയമൺ വില്ലേജിൽ റീസർവ്വേ നമ്പർ 63/19, 66/9, എന്നിവയിൽ ഉൾപ്പെട്ട 8951 ച.മീ വിസ്തൃതിയുള്ള സ്ഥലത്ത് 2068.96 ച.മീ വിസ്തൃതിയിൽ നിലവിലുള്ള കെട്ടിടങ്ങളുടെ കൂടെ 1636.26 ച.മീ വിസ്തൃതിയിൽ കൂട്ടിച്ചേർത്ത് നിർമ്മിച്ച എഡ്യൂക്കേഷണൽ കെട്ടിടവും (1180.35ച.മീ) കോൺവെൻറ്റും (455.91ച.മീ) ക്രമവൽക്കരിക്കുന്നതിനു (ആകെ വിസ്തൃതി 3705.22 ച.മീ ) ലേഔട്ട് അനുമതി ലഭ്യമാക്കുന്നതിന് വേണ്ടി സിസ്റ്റർ സുപ്പീരിയർ , ഹോളി ഫാമിലി അഡോറേഷൻ കോൺവെൻറ്, അലയമൺ പി ഒ , അഞ്ചൽ സമർപ്പിച്ച അപേക്ഷ. പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

1. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. അഗ്നിശമന സേന വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിരിക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.
6. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
7. ചട്ടം അനുസരിച്ച് ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

I/737

8. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിര്മ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ് കൂടാതെ .KPBR 2019 ചട്ടം 79(A) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ച് മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

9. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

47/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

ഷാരി.എം.വി,
ടൗൺപ്ലാനർ
കൊല്ലം

ശ്രീമതി. മേരികുട്ടി ഇമ്മാനുവൽ
സിസ്റ്റർ സുപ്പീരിയർ
ഹോളി ഫാമിലി അഡോറേഷൻ കോൺവെൻറ്
അലയമൺ (പി.ഒ)
അഞ്ചൽ.

പകർപ്പ്: സെക്രട്ടറി,
അലയമൺ ഗ്രാമ പഞ്ചായത്ത്.